## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2670 | 19.02.16 -ലെ മറുപടിയ്ക്ക്

## കേരള സർവ്വകലാശാലയിലെ യു.ജി.സി. ഓപ്റ്റ് ചെയ്ത ലൈബ്രറി ജീവനക്കാർ

*ചോദ്യം*
ശ്രീ. ഇ.പി. ജയരാജൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയിൽ യു.ജി.സി. ഓപ്റ്റ്ചെയ്ത ലൈബ്രറി ജീവനക്കാർക്ക് അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ യു.ജി.സി.യുടെ എൻട്രി കേഡറിലാണ് ശമ്പളം ഫിക്സ് ചെയ്യുന്നത് എന്നതിനാൽ അവർക്ക് കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരത്തിലുള്ള പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | വിരമിക്കൽ പ്രായത്തോട് അടുക്കുമ്പോൾ മാത്രം ലഭിക്കുന്ന അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം പ്രസ്തുത ജീവനക്കാർക്ക് വൻ സാമ്പത്തിക നഷ്ടം വരുത്തുന്നുവെന്നതിനാലും പെൻഷൻ ആനുകൂല്യങ്ങളിലടക്കം വൻ നഷ്ടം ഉണ്ടാകുന്നുവെന്നതിനാലും അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്ന സമയത്ത് യു.ജി.സി. ഓപ്റ്റ് ചെയ്യുന്ന ജീവനക്കാർക്ക് അതുവരെയുള്ള ആകെ സർവ്വീസ് പേ ഫിക്സേഷന് പരിഗണിക്കുന്ന കാര്യം പരിശോധിക്കുമോ? | (ബി) | യു.ജി.സി. സ്കീമിലെ എൻട്രി തസ്തികയാണ് അസിസ്റ്റന്റ് ലൈബ്രേറിയൻ. സ്റ്റേറ്റ് സർവ്വീസിലെയും യുജിസി സ്കീമിലെയും ശമ്പളവും ക്ഷാമബത്തയും മറ്റ് അലവൻസുകളും വ്യത്യസ്തമാണ്. ആയതിനാൽ സ്റ്റേറ്റ് സർവ്വീസിലെ ശമ്പളം കണക്കാക്കി യുജിസി സ്കീമിൽ ശമ്പളം നിർണ്ണയിക്കാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**

സെക്ഷൻ ഓഫീസർ